**A**

# സമഗ്രശിക്ഷാ, കേരളം

**1005**

രണ്ടാം പാദവാർഷിക മൂല്യനിർണയം 2023 - 24

## സാമൂഹ്യശാസ്ത്രം

ക്ലാസ് : X

സമയം : $2^1/_2$ മണിക്കൂർ

ആകെ സ്കോർ : 80

---

**നിർദേശങ്ങൾ**

- ആദ്യത്തെ 15 മിനിട്ട് സമാശ്വാസ സമയമാണ്.
- ചോദ്യങ്ങളും നിർദേശങ്ങളും വായിച്ചു മനസ്സിലാക്കിയതിനുശേഷം ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

---

**1 മുതൽ 5 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. ഓരോന്നിനും 1 സ്കോർ വീതം.** **(5x1=5)**

1. വിശ്വഭാരതി സർവകലാശാലയുടെ സ്ഥാപകൻ ആര്?

   എ) രവീന്ദ്രനാഥ ടാഗോർ    ബി) ഡി. കെ. കാർവെ

   സി) ജി.ജി. അഗാർക്കർ    ഡി) എം.എ. അൻസാരി

2. തദ്ദേശസ്വയംഭരണ സർക്കാരുകൾ ചുമത്തുന്ന നികുതിയേത് ?

   എ) ഭൂനികുതി    ബി) കോർപറേറ്റ് നികുതി

   സി) കേന്ദ്ര ജി. എസ്. ടി.    ഡി) വസ്തുനികുതി

3. ജാലിയൻ വാലാബാഗ് കൂട്ടക്കൊലയ്ക്ക് കാരണമായ നിയമം ഏത്?

   എ) പ്രാദേശികഭാഷാപത്രനിയമം    ബി) റൗലറ്റ് നിയമം

   സി) ദത്തവകാശ നിരോധന നിയമം    ഡി) റയട്ടുവാരി വ്യവസ്ഥ

4. രാഷ്ട്രതന്ത്രശാസ്ത്രത്തിന്റെ പിതാവ് ആര്?

   എ) അരിസ്റ്റോട്ടിൽ    ബി) പ്ലേറ്റോ

   സി) സോക്രട്ടീസ്    ഡി) ജെർമി ബെന്താം

5. ഡൂണുകൾ കാണപ്പെടുന്ന ഹിമാലയ പർവതനിര ഏത്?

   എ) ഹിമാദ്രി    ബി) സിവാലിക്

   സി) ഹിമാചൽ    ഡി) കിഴക്കൻ മലനിരകൾ

**6 മുതൽ 15 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 8 എണ്ണത്തിന് ഉത്തരമെഴുതുക. ഓരോന്നിനും 3 സ്കോർ വീതം.** **(8x3=24)**

6. ഇന്ത്യയിലെ സാമൂഹികപരിഷ്കരണ രംഗത്ത് രാജാ റാം മോഹൻ റായ് നൽകിയ സംഭാവനകൾ വിലയിരുത്തുക.

7. പൗരത്വം എന്നാലെന്ത്? രണ്ടുതരം പൗരത്വങ്ങൾ ഏതെല്ലാം?

8. ധരാതലീയ ഭൂപടത്തിലെ കോണ്ടൂർരേഖകളുടെ വിശകലനത്തിലൂടെ എന്തെല്ലാം വിവരങ്ങൾ മനസ്സിലാക്കാം?

9. ചുവടെ നൽകിയിരിക്കുന്ന സൂചനകൾ ഓരോന്നും ഏതെല്ലാം വിപ്ലവങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു?

എ) ലോങ് മാർച്ച്

ബി) സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം

സി) പ്രാതിനിധ്യമില്ലാതെ നികുതിയില്ല

10. നാട്ടുരാജ്യങ്ങളുടെ സംയോജനത്തിൽ സർദാർ വല്ലഭ്ഭായ് പട്ടേൽ വഹിച്ച പങ്ക് വ്യക്തമാക്കുക.

11. വസന്തകാലത്തിന്റെ സവിശേഷതകൾ എന്തെല്ലാം?

12. വിദൂരസംവേദനവുമായി ബന്ധപ്പെട്ട് ചുവടെ നൽകിയിട്ടുള്ളവ എന്തെന്ന് വ്യക്തമാക്കുക.

എ) സ്റ്റീരിയോ പെയർ

ബി) സ്റ്റീരിയോ സ്കോപ്പ്

സി) ഓവർലാപ്പ്

13. ഒന്നാം ലോകയുദ്ധാനന്തരം ജർമനിയുമായി ഒപ്പുവച്ച വേഴ്സായ് സന്ധിയുടെ പ്രധാന വ്യവസ്ഥകൾ എന്തെല്ലാം?

14. ചക്രവാതങ്ങളെക്കുറിച്ച് കുറിപ്പെഴുതുക.

15. ഇന്ത്യൻ ദേശീയതയുടെ ആവിർഭാവത്തിൽ പത്രങ്ങൾ വഹിച്ച പങ്ക് വിലയിരുത്തുക.

**16 മുതൽ 26 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 10 എണ്ണത്തിന് ഉത്തരമെഴുതുക. ഓരോന്നിനും 4 സ്കോർ വീതം. (10x4=40)**

16. നിസ്സഹകരണസമരത്തിന്റെ ഭാഗമായി ഗാന്ധിജി മുന്നോട്ടുവച്ച നിർമാണപ്രവർത്തനങ്ങൾ വിശകലനം ചെയ്യുക.

17. 'എ' കോളത്തിനനുയോജ്യമായവ **'ബി'** കോളത്തിൽ നിന്നും കണ്ടെത്തി പട്ടിക ക്രമപ്പെടുത്തുക.

| എ | ബി |
|---|---|
| ദിനബന്ധു മിത്ര | ഗ്രാമീണ ചെണ്ടക്കാരൻ |
| ബങ്കിം ചന്ദ്ര ചാറ്റർജി | ഭാരതമാത |
| നന്ദലാൽ ബോസ് | നീൽദർപ്പൺ |
| അബനീന്ദ്രനാഥ ടാഗോർ | ആനന്ദമഠം |

18. മാനവവിഭവശേഷി വികസനം ലക്ഷ്യമാക്കി ഇന്ത്യയിൽ നടപ്പിലാക്കുന്ന ചില പദ്ധതികൾ ചുവടെ നൽകിയിരിക്കുന്നു. ഇവയുടെ രണ്ടു ലക്ഷ്യങ്ങൾ വീതം എഴുതുക.

എ) സംയോജിത ശിശുവികസന സേവന പരിപാടി (ICDS)

ബി) സമഗ്രശിക്ഷാ അഭിയാൻ (SSA)

www.educationobserver.com

19. ശിപായിമാരുടെ ദുരിതങ്ങളും രാജാക്കന്മാരുടെ പ്രശ്നങ്ങളും 1857 ലെ ഒന്നാം സ്വാതന്ത്ര്യ സമരത്തിന്റെ കാരണങ്ങളിൽ ചിലതാണ്. പ്രസ്താവന സാധൂകരിക്കുക.

20. ഗവൺമെന്റിന്റെ നികുതിയിതര വരുമാനസ്രോതസ്സുകളിൽ ഏതെങ്കിലും നാലെണ്ണം വിശദമാക്കുക.

21. ഇന്ത്യയുടെ കാലാവസ്ഥ, ജനജീവിതം എന്നിവ രൂപപ്പെടുത്തുന്നതിൽ ഉത്തരപർവത മേഖലയുടെ പ്രാധാന്യം വ്യക്തമാക്കുക.

22. പൗരബോധം വളർത്തുന്നതിൽ കുടുംബം, വിദ്യാഭ്യാസം എന്നിവയുടെ പങ്ക് വിശദമാക്കുക.

23. രാഷ്ട്രത്തിന്റെ നിർബന്ധിത ചുമതലകളും വിവേചനപരമായ ചുമതലകളും ഏതെല്ലാം?

24. ഭൂവിവരവ്യവസ്ഥയുടെ പ്രയോജനങ്ങൾ ഏവ?

25. നൽകിയിട്ടുള്ള റഫറൻസ് ഗ്രിഡുകൾ പരിശോധിച്ച് ചുവടെ തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.




i) 8134 എന്ന ഗ്രിഡിൽ കാണുന്ന ഭൂസവിശേഷത ഏത്?

ii) കിണറിന്റെ സ്ഥാനം 6 അക്ക ഗ്രിഡ് റഫറൻസ് രീതിയിൽ കണക്കാക്കുക.

iii) ശവപ്പറമ്പിന്റെ സ്ഥാനം 4 അക്ക ഗ്രിഡ് റഫറൻസ് രീതിയിൽ കണക്കാക്കുക.

iv) 853373 എന്ന ഗ്രിഡ് റഫറൻസുള്ള ഭൂസവിശേഷത ഏത്?

26. ധനനയം എന്നാലെന്ത്? ധനനയത്തിന്റെ ലക്ഷ്യങ്ങളെന്തെല്ലാം?

**27, 28 ചോദ്യങ്ങളിൽ എതെങ്കിലും 1 എണ്ണത്തിന് ഉത്തരമെഴുതുക. 5 സ്കോർ.**

**(1x5=5)**

27. വിദൂരസംവേദനം എന്നാലെന്ത്? പ്ലാറ്റ്ഫോമിനെ അടിസ്ഥാനമാക്കിയുള്ള വിദൂരസംവേദന രീതികളിൽ ഏതെങ്കിലും രണ്ടെണ്ണം വിശദീകരിക്കുക.

28. ധരാതലീയ ഭൂപടങ്ങൾ എന്നാലെന്ത്? ധരാതലീയ ഭൂപടങ്ങളിലെ പ്രാഥമിക വിവരങ്ങളും സാംസ്കാരിക സവിശേഷതകളും വിശദമാക്കുക.

**29, 30 ചോദ്യങ്ങളിൽ ഏതെങ്കിലും 1 എണ്ണത്തിന് ഉത്തരമെഴുതുക. 6 സ്കോർ.**

**(1x6=6)**

29. ഗാന്ധിയൻ സമരരീതികളിൽ നിന്നും ആശയങ്ങളിൽ നിന്നും വ്യത്യസ്തമായ പ്രസ്ഥാനങ്ങളും വ്യക്തികളും ഇന്ത്യയുടെ ദേശീയസമരത്തിൽ നിർണായകമായ പങ്ക് വഹിച്ചിരുന്നു. സൂചനകളുടെ അടിസ്ഥാനത്തിൽ പ്രസ്താവന സാധൂകരിക്കുക.

**സൂചനകൾ**

* സ്വരാജ് പാർട്ടി
* ഹിന്ദുസ്ഥാൻ സോഷ്യലിസ്റ്റ് റിപ്പബ്ലിക്കൻ അസോസിയേഷൻ
* ഇന്ത്യൻ നാഷണൽ ആർമി (INA)

30. ചുവടെ നൽകിയിരിക്കുന്ന മേഖലകളിൽ സ്വതന്ത്ര ഇന്ത്യ കൈവരിച്ച നേട്ടങ്ങൾ വിശദീകരിക്കുക.

* സാമ്പത്തിക മേഖല
* ബഹിരാകാശ ഗവേഷണം